# God who exceeds our needs - (Eph:3:20)

നാം ചോദിക്കുന്നതിലും --------- അത്യന്തംപരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ-------------------(എഫേ:3:20)

നാം ചോദിക്കുന്നത് ദൈവഹിതപ്രകാരമാണെങ്കിൽ അവൻ തരുന്ന ഉത്തരവും നാം ആഗ്രഹിക്കുന്നതിലും അധികമായിരിക്കും. വിശ്വാസത്തോടെ ചോദിച്ചാൽ, തരുന്ന ദൈവമാണ് അവൻ. തമ്മിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മ ശക്തിക്കനുസരിച്ച് മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. പരിശുദ്ധാത്മ ശക്തി പ്രാപിപ്പാൻ എന്തുചെയ്യണമെന്ന് യേശു തന്റെ ശിഷ്യൻമാരോട് പറഞ്ഞു. " കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിപ്പീൻ"

Read അ:പ്ര(1:8) ഈ ശക്തി പ്രാപിച്ചശേഷം ഓരോ ദിവസവും അവൻ നമുക്ക് ചെയ്തുതരേണ്ടത് നാം പറയണം. സങ്കീ:(34:8)ൽ പറയുന്നു "അവൻ അരുളിചെയ്തു അത് സംഭവിച്ചു" ഈ വിശ്വാസമുള്ളവർക്ക് മറ്റുള്ളവരിലേക്കും ദൈവീകശക്തി പകരുവാൻ കഴിയുമെന്നതിന്റെ തെളിവാണ് അ:പ്ര:(3:1-10) വരെ രേഖപ്പെടുത്തിയിരിക്കുന്ന സംഭവം.

വചനാടിസ്ഥാനത്തിൽ ഈ വിഷയത്തെപ്പറ്റി ചിന്തിക്കുന്നത് നമ്മുടെ ആത്മീയവർദ്ധനവിന് കാരണമാകും.

1. **ഒന്നുമില്ലായ്മയിൽ നിന്നും ചിലതിനെ ഉളവാക്കുവാൻ കഴിയുന്ന ദൈവം-**

Read ഉല്പ(1:2,31)- പാഴും ശൂന്യവുമായ ഭൂമിയുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തിയ ദൈവം, പിന്നീട് താൻ ഉണ്ടാക്കിയതിനെ ഒക്കെയും നോക്കി നല്ലത് എന്ന് കണ്ടവനാണ്. ചില വ്യക്തികൾ തങ്ങളുടെ നിസ്സഹായതയിൽ നിലവിളിച്ചപ്പോൾ , നിലവിളി കേട്ട് ചോദിച്ചതിനെ നൽകിയ ദൈവമാണവൻ. മരുഭൂമിയിലും നീരുറവ തരുവാൻ ശക്തനാണവൻ. Read ഉല്പ:(21:14-21)

ന്യായാ:(15:17-19)

ഹാഗാറിന്റെ ബാലന് നീരുറവ നൽകിയെങ്കിൽ ശിംശോന് ലേഹി യിൽ ഒരു കുഴി ഒരുക്കിയവനെ ഉള്ളിൽ സ്വീകരിക്കുക. ദൈവം കൂടെയുണ്ടെങ്കിൽ, നമ്മുടെ ആഗ്രഹമനുസരിച്ച് ചിലപ്പോൾ നാം ആഗ്രഹിക്കുന്നതിലും അപ്പുറം, സകലതും മുമ്പിൽ ശൂന്യം എന്ന് ചിന്തിക്കുന്ന സമയത്തുപോലും നൽകുന്ന പിതാവാണവൻ.

" With God I am a hero, with out him I am a zero" എന്ന് സ്വയം ഉരുവിടുക. അവനോട് ചേർന്ന് നടക്കുക.

**2. ദൈവകൃപ നമ്മിൽ വർദ്ധിപ്പിച്ചു തരുന്ന ശക്തനായ ദൈവം - 2 കൊരി (9:8)**

സകലത്തിലും എപ്പോഴും തൃപ്തിയുള്ളവർക്കു മാത്രമേ കൃപ യിൽ വർദ്ധനവ് ലഭിക്കുകയുള്ളൂ. ആരാണ് തൃപ്തിയുള്ളവൻ? സദൃ:(19:23)

(ഇത് വായിക്കുന്നവർ തൃപ്തിയില്ലാത്തവരോട് ദയവായി പറയുക പറയുക. ഇന്നത്തെ തലമുറ പണത്തിനോട് അമിത താല്പര്യമുള്ളവ രാണ് - സൂക്ഷിക്കുക)

Read ഉല്പ(6:8), (39:21)

നമ്മുടെ ചുറ്റുമുള്ള ലോകം സകലവഷളത്വവും മ്ലേഛതയും നിറഞ്ഞ തെങ്കിലും, നോഹയെപ്പോലെ യോസഫിനെപ്പോലെ മലിനതയിൽ വീണുപോകാതെ യഹോവയിൽ ആശ്രയിക്കുക. യഹോവകൂടെയു ണ്ടെങ്കിൽ നാം ചെയ്യുന്നതെല്ലാം സാധിപ്പാൻ അവന്റെ കൃപ നമ്മോ ടുകൂടെ ഉണ്ടാകും.

**3. കൃപയുടെ വർദ്ധനവിൽ നമ്മെ നിർത്തുന്ന ദൈവം**

(അ:പ്ര:(20:31-32)

കൃപയിൽ നിന്ന് നമ്മെ പിൻവലിക്കുന്ന വിപരീതോപദേശവുമായി വരുന്നവരെ മനസ്സിലാക്കുവാൻ ശ്രദ്ധയോടെ നാം ഉണർന്നിരിക്കണം. രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്ത് മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കണം. ഈ ധൃതിയുടെ ലോകത്ത് കർത്താവിനുവേണ്ടി സ്വല്പം സമയം വേർതിരിക്കുന്നവർക്കു മാത്രമേ കൃപയിൽ നിലനി

ല്പാൻ കഴിയൂ. നമ്മുടെ സ്വന്ത ഇഷ്ടത്തിന് ജീവിപ്പാനുള്ള അനുവാദമായി കൃപയെ കാണരുത്.

Read സങ്കീ:(37:5)

അ: പ്ര:(27:9-14)

**4. പ്രതികൂലത്തിൽ നിന്ന് വിടുവിക്കുന്ന ദൈവം - (ദാനി :3:17)**

വിശ്വാസവും, സഹിഷ്ണുതയും ഉള്ളവന് പ്രതികൂലത്തെ നേരിടുവാൻ ധൈര്യവും ലഭിക്കുന്നു. തീയിൽ ഇട്ടു എന്ന് ശത്രു കരുതി പക്ഷേ വീഴുന്നതോ ദൈവകരങ്ങളിൽ, ഹാ..... എത്ര അത്ഭുതം അവന്റെ കരുതൽ. Read1 ശമു:30:1-19 .ശത്രു എല്ലാം തട്ടിയെടുത്തു എങ്കിലും ദൈവത്തോട് ആലോചന ചോദിച്ച ദാവീദ് അവനെ പിൻതുടർന്ന് അവൻ അപഹരിച്ച സകലതും മടക്കികൊണ്ടുപോകുന്നു. സഹോദരങ്ങളെ ! ഏത് പ്രവർത്തി ചെയ്യും മുമ്പ് തന്നെ ദൈവത്തോട് ആലോചന ചോദിക്കുക.

**5. പ്രതികൂലത്തെ അതിജീവിപ്പാൻ ശക്തിതരുന്ന ദൈവം ----1 കൊരി)(10:13),(16:13)**

വിശ്വസ്തനായ ദൈവം സഹിപ്പാൻ കഴിയാത്ത പരീക്ഷ ആർക്കും തരികയില്ല.മാത്രമല്ല പരീക്ഷയോടൊപ്പം നീക്കുപോക്കും ദൈവത്തെ സ്നേഹിക്കുന്നവർക്കായി അവൻ ഒരുക്കുന്നു. നമ്മുടെ പ്രീയനോട് നമുക്കുള്ള സ്നേഹം ഉള്ളിൽ നിറഞ്ഞാൽ പ്രതികൂലത്തിൽ പുരുഷത്വം അഥവാ ധീരത കാണിപ്പാൻ ഉള്ള മനശക്തി ദൈവം നൽകുന്നു.

**6. രക്ഷിപ്പാൻ കഴിവുള്ള ദൈവം (എബ്രാ:9:22)**

രക്ഷ രണ്ട് തരത്തിൽ (1) ഭൗതീകം (2) ആത്മീകം. ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു എന്ന പേരിലാണ് പൗലോസിനെയും ശീലാസിനേയും ജയിലിലടച്ചത്. മർദ്ദിച്ചവശരാക്കുമ്പോൾ പീഢനം ഏറ്റവർ തങ്ങളുടെ പ്രീയനുവേണ്ടി അനുഭവിച്ച കഷ്ടതയിൽ സന്തോഷിച്ച് പാട്ടുപാടി. എന്നാൽ അവരെ രക്ഷിക്കുവാൻ കാരാഗ്രഹവാതിൽ തുറക്കുവാൻ ആർക്കുവേണ്ടി അവർ അടി ഏറ്റോ അവനു കഴിയുമെന്ന് അടിച്ചവരോ, അടച്ചവരോ അറിഞ്ഞില്ല. വലി

യൊരു ഭൂകമ്പം മതി ഇരുമ്പു വാതിലുകൾ തുറക്കാൻ. തന്റെ ദാസന്മാരെ രക്ഷിച്ച കർത്താവ് കാരാഗ്രഹപ്രമാണിയുടെ ആത്മീയരക്ഷ ഉറപ്പാക്കുകയും ചെയ്തു.

Read------------അ:പ്ര:(16:25-27), (16:30-34)

അ:പ്ര:(27:18-26)

**7. നഷ്ടപ്പെട്ടതിലും അധികം തരുവാൻ കഴിവുള്ള ദൈവം**

**(2 ദിന:25:9)**

തനിയെ ഒരു പ്രവർത്തിചെയ്യുവാൻ പറഞ്ഞാൽ നാം അനുസരിക്കണം. അതിനുള്ള ധൈര്യം തരുന്നത് ദൈവമാണ്. സഹായിപ്പാനും, വീഴിപ്പാനും ദൈവം ശക്തനത്രെ അതിനാൽ ധൈര്യം കാണിപ്പാൻ നാം മടികാണിക്കരുത്. ദൈവത്തെ അനുസരിക്കാൻ തയ്യാറാകുന്നവർ നഷ്ടത്തെ നോക്കരുത്, അതിലധികവും തരുവാൻ അവൻ ശക്തനാണ്.ധൈര്യം കാണിക്കാൻ മടിക്കുന്നവർക്ക് വലിയ വീഴ്ച സംഭവിക്കും. നാശം സംഭവിക്കാതിരിപ്പാൻ, പുറകോട്ട് നോക്കാതെ പർവ്വതത്തിലേക്ക് ഓടുവാൻ പറഞ്ഞിട്ടും സമ്പത്തിന്റെ നഷ്ടം നോക്കി നിന്ന ലോത്തിന്റെ ഭാര്യയുടെ അവസ്ഥ വരാതിരിപ്പാൻ സൂക്ഷിക്കുക.

Read---------ഉല്പ:(19:16-26)

8. **വീഴ്ചയിൽ നിന്ന് രക്ഷിക്കുന്ന ദൈവം** (യൂദ 1:24)

വീഴ്ച, അനുസരണക്കേടുമൂലമാണ് ഉണ്ടാകുന്നത്. അനുസരണക്കേട്, പാപത്തിന് കാരണമാകുന്നു. Read-----ഉല്പ:(3:6)
സാത്താന്റെ തന്ത്രത്തിൽ വീണ ആദി മാതാപിതാക്കൾ അനുഗ്രഹത്തിൽ നിന്ന് പുറത്തായി.

വീഴ്ച രണ്ടു വിധത്തിൽ . (1) മനുഷ്യന്റെ കയ്യിൽ

(2) ദൈവത്തിന്റെ കയ്യിൽ -

1 ദിന:(21:13)

കരുണയുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതല്ലോ നല്ലതെന്നാണ് ദാവീദ് രാജാവ് പറയുന്നത്.

9. **വചനം സൂക്ഷിപ്പാൻ പ്രാപ്തി തരുന്ന ദൈവം**

Read- 2 തിമൊ :(1:12-14), (2:8-9)

വചനം സൂക്ഷിക്കേണ്ടത് എവിടെ? ഹൃദയത്തിൽ

Read-സങ്കീ :119:11 Job:(22:22)

വചനം ഹൃദയത്തിൽ സംഗ്രഹിച്ചവരോട് കർത്താവ് നൽകുന്ന ചിന്ത - മർക്കോ:(16:15,20)

അ:പ്ര(17:30-32)

വചനം ഉള്ളിൽ കത്തണം - ലൂക്കോ (24:32)

വചനം കേട്ട് രക്ഷപെട്ട ഭവനം - അ:പ്ര(16:30-32)

വചനം ഉള്ളിൽ സൂക്ഷിക്കാത്തവന്റെ അഭിഷേകം ദൈവം തള്ളിക്കളഞ്ഞ അവസ്ഥ- 1ശമു 15:23)

10. **വാഗ്ദത്തം നിവർത്തിപ്പാൻ പ്രാപ്തനായ ദൈവം**

ഇന്ന് ഏറ്റവും ദുർവിനിയോഗം ചെയ്യുന്ന പദമാണ് വാഗ്ദത്തം. വാഗ്ദത്തം ഒരു blank ചെക്കാണ്.വിശ്വാസത്തിന്റെ ബാങ്കിലാണ് അത് മാറുന്നത്. വാഗ്ദത്തം 2 വിധത്തിലുണ്ട്.

(1) പൊതുവേ നൽകുന്ന വാഗ്ദത്തം

(a) കുട്ടികൾക്ക് Read ആവ (5:16) യെശ(40:11)

(b) എളിയവർക്കുള്ളത് യെശ(66:2)

(c)സൗഖ്യമാക്കുന്ന യഹോവ സങ്കീ:(103:3)

യിരെ(17:14)

(2) വ്യക്തിപരമായി നൽകുന്ന വാഗ്ദത്തം

(a)അബ്രാം - ഉല്പ:(12:1-3), റോമ:(4:19-23)

(b) മോശ - പുറ:(3:11,12)

ഇവർ രണ്ടുപേരും ദൈവവിളി കേട്ട് അനുസരിച്ചവരാണ്. വിളിയില്ലാതെ അബ്രാമിനൊപ്പം ഇറങ്ങിയ ലോത്ത് വാഗ്ദത്തത്തിനവകാശി ആകുന്നില്ല. ഇതുപോലെ യേശുവിന്റെ രക്തത്താൽ വിലകൊടുത്തു

വാങ്ങിയ പുതിയനിയമ യിസ്രായേലാകുന്ന നമുക്ക് വചനത്തിലെ വാഗ്ദത്തം അനുസരിച്ച് മുമ്പോട്ടു പോകാം. വചനത്തിലെ വാഗ്ദ ത്തങ്ങൾ പൂർണ്ണതയുള്ളതാണ്. എഴുതപ്പെട്ട വാക്കുകൾക്ക് പറയുന്ന വാക്കുകളേക്കാൾ സ്ഥിരതയും ശക്തിയുമുണ്ട്.

11. <u>ദു:ഖിതർക്കാശ്വാസം നൽകുന്ന ദൈവം</u>

Read 2 കൊരി:(1:4-6)

വിധവയോട് മനസ്സലിഞ്ഞ ദൈവം - ലൂക്കോസ് (7:11-17)

മനസ്സലിഞ്ഞ യേശു മഞ്ചത്തിൽ തൊട്ടു അവൻ എഴുന്നേറ്റ് സംസാ രിച്ചു, യേശു മകനെ അമ്മയുടെ കയ്യിലേല്പിച്ചു.

ഇത് വായിക്കുന്ന പലരും ജീവനില്ലാത്ത ചില പ്രശ്നങ്ങൾ (പ്രാർത്ഥിച്ചിട്ടും മറുപടി കിട്ടാത്ത) ഓർത്ത് വിലപിക്കുന്നവരല്ലേ. കണ്ണുനീരോടെ പ്രാർത്ഥിച്ചാൽ അവൻ വന്ന് അതിന്റെ മറുപടി നിങ്ങളെ ഏല്പിക്കും. വിശ്വസിക്കുന്നവർക്കു മാത്രമേ സൗഖ്യവും , ആശ്വാസവും, പ്രശ്നപരിഹാരവും ലഭ്യമാകുകയുള്ളൂ.

പരിശുദ്ധാത്മാവാൽ ശക്തിപ്രാപിക്കുക അവൻ നിങ്ങളെ അനുഗ്രഹി ക്കും. അപ്രകാരം നമ്മുടെ ആവശ്യങ്ങൾ നടത്തിതരുന്ന ദൈവത്തിൽ നിന്നും അനുഗ്രഹം പ്രാപിപ്പാൻ അവൻ സഹായിക്കട്ടെ

Santhamma Varghese